**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** **22-01-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനവിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി നഷ്ടപരിഹാരം നൽകി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണത്തിന്റെ ഭാഗമായി റീ ബിൽഡ് കേരള പ്രോജക്ടിൽ ഉൾപ്പെടുത്തി വനത്തിനകത്തുള്ള സ്വകാര്യ എസ്റ്റേറ്റുകളെ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നുണ്ട്. |
| (ബി) | എത്ര സ്വകാര്യ എസ്റ്റേറ്റുകളാണ് ഇപ്രകാരം ഏറ്റെടുക്കുന്നത്; അവ ഏതൊക്കെ എന്നറിയിക്കാമോ; | (ബി) | 6 വനം ഡിവിഷനുകളിലെ 13 സ്വകാര്യ എസ്റ്റേറ്റുകളാണ് മേൽ പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി എസ്റ്റേറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | ഏറ്റെടുക്കുന്ന എസ്റ്റേറ്റുകൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; | (സി) | ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകളുടെ സർവേ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനായി എത്ര കോടി രൂപ നഷ്ടപരിഹാരം നൽകേണ്ടിവരും; ഇതിനകം എത്ര പേർക്ക് നഷ്ടപരിഹാരം നൽകി; വിശദമാക്കുമോ? | (ഡി) | 6 വനം ഡിവിഷനുകളിലായി 13 സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിലേയ്ക്കായി 35631.1459 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആർക്കും ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | ഡിവിഷൻ | എസ്റ്റേറ്റിന്റെ പേര് |
| --- | --- | --- |
| 1 | ശെന്തുരുണി വന്യജീവി ഡിവിഷൻ | 1) കല്ലാർ<br>2) റോക്ക് വുഡ് |
| 2 | പെരിയാർ ഈസ്റ്റ് ഡിവിഷൻ | 3)ഡൗൺടൺ /പച്ചക്കാനം എസ്റ്റേറ്റ് |
| 3 | സൈലന്റ് വാലി നാഷണൽ പാർക്ക് | 4) നൂർ ഏക്കർ KP എസ്റ്റേറ്റ്,<br>5) മണ്ണാർക്കാട് റബ്ബർ എസ്റ്റേറ്റ്. |
| 4 | തിരുവനന്തപുരം ഡിവിഷൺ | 6)മഹാവീർ എസ്റ്റേറ്റ്, ബോണക്കാട് |
| 5 | സൗത്ത് വയനാട് | 7) സി.ആർ എസ്റ്റേറ്റ് (തരിയോട്) |
| 6 | നോർത്ത് വയനാട് | 8) മക്കിമല സരോജ എസ്റ്റേറ്റ്,<br>9) മലന്തോട്ടം തിരുനെല്ലി<br>10) എടയൂർ തിരുനെല്ലി<br>11) ബാണാസുര പ്ലാന്റേഷൻസ് , വെള്ളമുണ്ട<br>12) നരിപ്പാറ<br>13) ചെറുമുണ്ടേരി |